# സ്വാതന്ത്ര്യം ഉടുപ്പൂരിയാൻ മാത്രമോ?

**കുറച്ചുകാലമായി** ചൂടുപിടിച്ച ആഗോള പ്രശ്നങ്ങളിലൊന്നായിരിക്കുന്നു മുസ്‌ലിം വനിതകളുടെ വസ്ത്രധാരണം. ലോകത്ത് വ്യത്യസ്ത ജനവിഭാഗങ്ങൾ അവരവരുടെ സംസ്കാരത്തിനിണങ്ങിയ വസ്ത്രധാരണരീതി സ്വീകരിച്ചിരിക്കുന്നു. സ്വന്തം സംസ്കാരത്തോട് ഉറച്ച പ്രതിബദ്ധതയില്ലാത്തവർ വിജാതീയ സാംസ്കാരിക പശ്ചാത്തലങ്ങളിലെത്തുമ്പോൾ ആ പശ്ചാത്തലവുമായി ഇഴുകിച്ചേരുന്നു. പക്ഷേ, മുസ്‌ലിംകൾ അത്രയെളുപ്പം അതിനു തയാറാകുന്നില്ല. സാംസ്കാരിക സംഘർഷവാദികളെ ഇതു പ്രകോപിപ്പിക്കുന്നു. അങ്ങനെയാണ് പർദ ഒരന്താരാഷ്ട്ര പ്രശ്നമായിത്തീരുന്നത്. ഫ്രാൻസിൽ മുസ്‌ലിം പെൺകുട്ടികൾ സ്കാർഫ് ധരിച്ച് സ്കൂളിൽ വരുന്നത് നിരോധിച്ചുകൊണ്ട് നിയമം വന്നത് ഈ ചർച്ചക്ക് ആക്കംകൂട്ടി. മുസ്‌ലിം സ്ത്രീകൾ മുഖപടം ധരിക്കുന്നതിന്റെ അപകടകാരിതയാണ് ബ്രിട്ടനിലെ വലിയ ചർച്ച. സ്ത്രീകൾ നഗ്നത മറയ്ക്കാതെ പുറത്തിറങ്ങി നടക്കുന്നത് ലൈംഗികാതിക്രമങ്ങൾക്ക് പ്രോത്സാഹനമാകുന്നു എന്നഭിപ്രായപ്പെട്ട ഒരു മതപണ്ഡിതനെതിരെ വൻകോളിളക്കം തന്നെയാണ് ആസ്ത്രേലിയയിലുണ്ടായത്. ഒടുവിൽ ആ ഖത്തീബിന് അഭിപ്രായം പിൻവലിച്ച് ക്ഷമാപണം ചെയ്യേണ്ടിവന്നു. ഇക്കഴിഞ്ഞ ജനുവരി 22-ന്റെ *ഔട്ട്‌ലുക്ക്* വാരികയിൽ ഇപ്പോൾ കൊൽക്കത്തയിൽ താമസിക്കുന്ന ബംഗ്ലാദേശ് എഴുത്തുകാരി തസ്‌ലീമ നസ്റീൻ 'ബുർഖ കത്തിച്ചുകളയുക' എന്ന ശീർഷകത്തിൽ ഇസ്‌ലാമിനെയും അതു സ്ത്രീകൾക്കനുശാസിച്ച ഹിജാബിനെയും രൂക്ഷമായി ആക്ഷേപിച്ചുകൊണ്ട് ലേഖനമെഴുതിയിരിക്കുന്നു.

കശ്മീർ തീവ്രവാദികൾ യുവതികളോട് പർദ ധരിക്കാൻ കൽപിച്ചതുകാരണം വർഷങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയിൽ ഈ വിഷയം വ്യാപകമായി ചർച്ചചെയ്യപ്പെട്ടിരുന്നു. തീവ്രവാദികൾ പ്രവർത്തിക്കുന്നത് ഇസ്‌ലാമിന്റെയോ മുസ്‌ലിം സമുദായത്തിന്റെയോ താൽപര്യപ്രകാരമല്ല എന്നറിയാത്തവരാരുമില്ല. എങ്കിലും വിമർശനത്തിന്റെ കൂരമ്പുകളെല്ലാം ഉന്നംവെച്ചത് ഇസ്‌ലാമിനെയും മുസ്‌ലിം സമുദായത്തെയുമാണ്. വ്യക്തിസ്വാതന്ത്ര്യത്തിൽ മതം കൈകടത്തുന്നു, മൗലികാവകാശം നിഷേധിക്കപ്പെടുന്നു, സ്ത്രീകളെ പർദയുടെ ഇരുട്ടറയിലടച്ചിടുന്നു എന്നൊക്കെ മുറവിളി കൂട്ടി അക്കാലത്ത് മലയാള പത്രങ്ങളിലും ധാരാളം ലേഖനങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. ഫ്രഞ്ച് ഗവൺമെന്റ് സ്കാർഫ് നിരോധിച്ചപ്പോഴോ സ്ത്രീനഗ്നതയെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തിയ ആസ്ത്രേലിയൻ പണ്ഡിതനെതിരെ പ്രക്ഷോഭമരങ്ങേറിയപ്പോഴോ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ഈ കാവൽഭടന്മാരാരും ഒരക്ഷരം ഉരിയാടിയില്ല.

അപ്പോൾ ഉടുപ്പൂരിയുന്നതും അതിനെ പ്രോത്സാഹിപ്പിക്കുന്നതും മാത്രമേ സംരക്ഷിക്കപ്പെടേണ്ട മൗലികാവകാശവും അഭിപ്രായ സ്വാതന്ത്ര്യവുമാകൂ. ഉടുക്കുന്നതും അതു പ്രോത്സാഹിപ്പിക്കുന്നതും അതിൽ പെടില്ല. അതാണ് ഉത്തരാധുനിക സ്വാതന്ത്ര്യ സങ്കൽപം. സ്ത്രീകളെ പുറത്തിറങ്ങാനനുവദിക്കാതെ ഇരുട്ടറയിലടക്കുന്നു എന്നാണ് ഇസ്‌ലാം അനുശാസിക്കുന്ന ഹിജാബിനെതിരായ വലിയ ആക്ഷേപം. ഇസ്‌ലാം ഹിജാബ് അനുശാസിച്ചത് സ്ത്രീകൾ പുറത്തിറങ്ങുന്നതിനുവേണ്ടിയാണ് എന്നതാണ് യാഥാർഥ്യം. വീടിന്റെ അകത്തളങ്ങത്തിലിരിക്കുന്ന സ്ത്രീകളോടല്ല ഹിജാബ് ധരിക്കാൻ കൽപിച്ചിട്ടുള്ളത്; പ്രത്യുത വീട്ടിൽനിന്ന് പുറത്തുപോകുന്ന സ്ത്രീകളോടാണ്. പഠിക്കാനും പണിയെടുക്കാനും മറ്റാവശ്യങ്ങൾക്കും പുറത്തുപോകുന്നവരാണ് ഹിജാബ് ധരിക്കേണ്ടത്. സ്ത്രീസ്വാതന്ത്ര്യത്തിന്റെ രക്ഷാകവചമാണത്. പർദ ധരിച്ചുകൊണ്ട് വൻകിട ബിസിനസുകൾ നടത്തുകയും ഉദ്യോഗങ്ങൾ വഹിക്കുകയും ചെയ്യുന്ന ധാരാളം സ്ത്രീകളുണ്ട്. ഇറാനിൽ പർദാധാരികളായ പട്ടാളക്കാരുമുണ്ട്.

സ്ത്രീകൾ, അവരുടെ സ്വാഭാവികമായി വെളിപ്പെട്ടത് - മുഖവും കൈപ്പടങ്ങളും - അല്ലാത്ത ശരീരഭാഗങ്ങൾ മറയ്ക്കണമെന്നേ ഖുർആൻ കൽപിച്ചിട്ടുള്ളൂ. ഇന്ന് പ്രചാരത്തിലുള്ളതരം പർദ തന്നെവേണമെന്ന് നിർബന്ധിച്ചിട്ടില്ല. ശരീരം നന്നായി ആഛാദനം ചെയ്യുന്ന ഏതു വസ്ത്രവുമാകാം. ചിലയാളുകൾ പർദ ധരിക്കുമ്പോൾ മുഖവും കൈപ്പടങ്ങളും കൂടി മറയ്ക്കുന്നുണ്ട്. അതവരുടെ ഇഷ്ടം. വാസ്തവത്തിൽ മനുഷ്യൻ ശരീരം മുഴുവൻ ആഛാദനം ചെയ്യുന്ന വസ്ത്രധാരണ രീതി മുഹമ്മദ് നബി(സ) ആവിഷ്കരിച്ചതല്ല. അദ്ദേഹത്തിന് എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ ഉയർന്ന സംസ്കാരമുള്ള സമൂഹങ്ങളിലെല്ലാം ഉണ്ടായിരുന്നതാണ്. പുരുഷന്മാരിൽ ഇന്നും അത് നിലനിൽക്കുന്നുമുണ്ട്. ജോർജ് ബുഷും ടോണി ബ്ലെയറും കോഫി അന്നനും സുഊദി രാജാവും മൻമോഹൻ സിംഗുമെല്ലാം അങ്ങനെയാണ് വസ്ത്രം ധരിക്കുന്നത്. ചില സമൂഹങ്ങളിലെ സ്ത്രീകൾ പിൽക്കാലത്ത് ഈ രീതി ഉപേക്ഷിക്കുകയായിരുന്നു. അതെന്തുകൊണ്ടാണെന്ന് ചേലക്കലാപത്തിന്റെയും മുലക്കച്ച സമരത്തിന്റെയുമൊക്കെ പാരമ്പര്യമുള്ള നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടുതന്നെയാണ് സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ശരീരം പൂർണമായി ആഛാദനം ചെയ്യണമെന്ന് ഖുർആനനുശാസിച്ചതും. ഭോഗവസ്തുവായി സ്വയം പ്രദർശിപ്പിക്കുന്നതിൽ സുഖം കണ്ടെത്തുന്നവർക്ക് ഉടുക്കാതെ നടക്കാം. അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പുരുഷന്മാർ ഉന്നയിക്കുന്ന ന്യായങ്ങൾ പണ്ട് ചാന്നാന്മാരുടെ മാറുമറയ്ക്കൽ സമരത്തിനെതിരെ അവരുമുന്നയിച്ച ന്യായങ്ങൾ തന്നെയാണെന്ന് മനസ്സിലാക്കുന്നത് നന്ന്. അവ പുതിയ പുതിയ ആഖ്യാനങ്ങളിലൂടെയും ഉപാഖ്യാനങ്ങളിലൂടെയും അവതരിപ്പിക്കപ്പെടുന്നുവെന്ന വ്യത്യാസമേയുള്ളൂ.

തസ്‌ലീമ നസ്റീന്റെ *ഔട്ട് ലുക്ക്* ലേഖനത്തിന് ധാരാളം പ്രതികരണങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അനുകൂലമായി വിവിധ വിഭാഗങ്ങൾ പ്രതികരിക്കുക സ്വാഭാവികമാണ്. പ്രതികൂല പ്രതികരണങ്ങളധികവും മുസ്‌ലിംകളിൽനിന്നാണുയരുന്നത്. അവയിൽ ചിലതെങ്കിലും ആവശ്യത്തിലേറെ വൈകാരികവുമാണ്. മുസ്‌ലിം കുടുംബത്തിൽ ജനിച്ച് മുസ്‌ലിം രാജ്യത്ത് വളർന്നവരെങ്കിലും ചെറുപ്പത്തിലേ ഇസ്‌ലാമിനോടും മുസ്‌ലിംകളോടും പിണങ്ങിയ എഴുത്തുകാരിയാണ് തസ്‌ലീമ. ഇസ്‌ലാമിനോട് തനിക്കുള്ള വെറുപ്പും വിരോധവും അവർ ഒരിക്കലും മറച്ചുവെച്ചിട്ടില്ല. കഴിഞ്ഞവർഷം തസ്‌ലീമ കേരളം സന്ദർശിച്ചപ്പോൾ കേരളീയർക്കും അത് വ്യക്തമാവുകയുണ്ടായി. എന്നാൽ ഇസ്‌ലാമിനെ അവർ ഗൗരവപൂർവം പഠിച്ചിട്ടില്ല എന്നാണ് *ഔട്ട്‌ലുക്ക്* ലേഖനം വെളിപ്പെടുത്തുന്നത്. ഇസ്‌ലാമിനെയും ഖുർആനെയും പ്രവാചകനെയും അവർ രൂക്ഷമായി ആക്ഷേപിക്കുന്നു. വ്യംഗ്യമായ ആക്ഷേപങ്ങൾ ചിലപ്പോൾ അല്ലാഹുവിലേക്കു വരെ നീളുന്നു. ഇസ്‌ലാമിനോട് ശത്രുത പുലർത്തുന്ന ഒരാളിൽനിന്ന് അതൊക്കെത്തന്നെയല്ലേ പ്രതീക്ഷിക്കേണ്ടത്. അർഹിക്കുന്നതിൽ കവിഞ്ഞ ഗൗരവം മുസ്‌ലിംകൾ അതിനു നൽകേണ്ടതില്ല. എന്നാൽ തസ്‌ലീമ ഉന്നയിച്ച വിമർശനങ്ങൾക്ക് ആ ലേഖനം പ്രസിദ്ധീകരിച്ച വാരികയിലൂടെ തന്നെ തീർച്ചയായും മറുപടി നൽകേണ്ടതാണ്. ചരിത്രരേഖയിൽ അതുകൂടി ചേരട്ടെ. ■